മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഈ വർക്ക് 1976-77ലാണ് ആദ്യമായിട്ട് ടെൻഡർ വിളിച്ചത്. ഏൽപ്പിച്ചത്. കുറേ പണി തീർത്തശേഷം അവർ ഇട്ടേച്ചുപോയി. രണ്ടുപ്രാവശ്യം ടെൻഡർ വിളിച്ചും ആളുണ്ടായില്ല. മൂന്നാമതൊരാൾ വന്നു, അവരും വർക്ക് കുറച്ചുനടത്തി ഇട്ടേച്ചുപോയി. അവസാനം അത് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏറ്റെടുക്കാൻ വേണ്ട നിർദ്ദേശം നൽകി. അവർ ഏറ്റെടുത്തു. ആ സമയത്താണ് ചെയ്ത പണിയുടെ സംഖ്യയെ സംബന്ധിച്ചുള്ള തർക്കം ഉന്നയിക്കപ്പെട്ടത്. അത് ഇന്നു കോടതിയുടെ പരിഗണനയിലിരിക്കുകയാണ്. കോടതിയിൽനിന്ന് ആ കേസ് വെക്കേറ്റ് ചെയ്യുന്നതിനുവേണ്ടി ആവശ്യമായിട്ടുള്ള നടപടികളും സ്വീകരിക്കുന്നതാണ്. അത് കിട്ടിയശേഷം കൺസ്ട്രക്ഷൻ കോർപ്പറേഷൻ അതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടു പോകുന്നതാണ്.

(8) തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയം പൊതുജനദർശനത്തിന് തുറന്നുകൊടുക്കണമെന്ന ആവശ്യം

ശ്രീ. ബെന്നി ബഹനാൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട തൃപ്പൂണിത്തുറ ഹിൽപാലസ് കഴിഞ്ഞ രണ്ട് വർഷമായി ആർക്കിയോളജിക്കൽ ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്ത് അവിടെ ഒരു ആർക്കിയോളജിക്കൽ മ്യൂസിയം ആരംഭിച്ചിരിക്കുകയാണ്. ഉൽഘാടനം കഴിഞ്ഞതിനുശേഷം ഇന്നുവരെ അത് പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടില്ല. അതിനകത്ത് വേണ്ടത്ര സ്റ്റാഫിനെ ഇതുവരെ നിയമിച്ചിട്ടില്ല. അന്വേഷിച്ചപ്പോൾ അറിഞ്ഞത് കൊച്ചി രാജാവിന്റെ കിരീടവും സിംഹാസനവും തുടങ്ങി വളരെയേറെ വിലപ്പെട്ട സാധനങ്ങൾ അവിടെ സൂക്ഷിച്ചിട്ടുണ്ട്. അതിനു വേണ്ടിയുള്ള സെക്യൂരിറ്റി മെഷീനറി നടപ്പാക്കാൻ സാധിക്കാത്തതുകൊണ്ടാണ് അത് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ കഴിയാത്തതെന്ന് അറിഞ്ഞു. കഴിഞ്ഞ രണ്ട് വർഷക്കാലമായി തുടക്കംകുറിച്ചിട്ട്. ഇന്നും പൂട്ടിക്കിടക്കുന്ന ഈ ആർക്കിയോളജിക്കൽ മ്യൂസിയം എത്രയും വേഗം തുറന്ന് പൊതുദർശനത്തിന് നൽകത്തക്ക ഒരു അവസരം ഉണ്ടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ എം. മാണി) : സർ, ഈ ഹിൽപാലസ് എന്നു പറഞ്ഞ് ഞങ്ങൾക്ക് കിട്ടിയത്, പൊളിഞ്ഞ കുറെ കെട്ടിടങ്ങളും കാടുപിടിച്ച ഒരു പറമ്പും മനുഷ്യസഞ്ചാരം ഇല്ലാത്ത ഒരു പ്രദേശവുംകൂടിയാണ്. കെട്ടിടങ്ങൾ നന്നാക്കി. ഇത് എല്ലാം ഒന്ന് ശരിപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. ഇനി പോലീസ് സെക്യൂരിറ്റി അവിടെ ആവശ്യമാണ്. വിലപ്പെട്ട ചില വസ്തുക്കൾ മഹാരാജാവിൽ നിന്നും കിട്ടി, അത് സൂക്ഷിക്കാൻ സെക്യൂരിറ്റിയുടെ ആവശ്യമുണ്ട്. ആ സെക്യൂരിറ്റി ഉടനെ ഏർപ്പെടുത്തി കഴിഞ്ഞാൽ പിന്നെ വാട്ടർസപ്ലൈയും എല്ലാം ശരിപ്പെടുത്തിക്കൊണ്ട് ഉടനെതന്നെ ഈ ദൃശ്യബിംബം പ്രവർത്തനക്ഷമമാക്കാമെന്ന് കരുതുകയാണ്. അപ്പോൾ സെക്യൂരിറ്റി സജ്ജീകരണങ്ങൾ പൂർത്തിയാക്കുക, അവശേഷിക്കുന്ന അറ്റകുറ്റപ്പണികൾ ചെയ്തുതീർക്കുക, പൂന്തോട്ടത്തിന് ജലവിതരണം ഏർപ്പെടുത്തുക മുതലായ അത്യാവശ്യം വേണ്ട ചില കാര്യങ്ങൾ പൂർത്തിയാക്കാനുണ്ട്. അതുകൊണ്ട് പത്ത് സെക്യൂരിറ്റി ഗാർഡുകളുടേയും ഒരു സെക്യൂരിറ്റി ഓഫീസറുടേയും തസ്തിക സൃഷ്ടിച്ച് ഇവരെയൊക്കെ നിയമിച്ചു കഴിഞ്ഞാൽ ഉടനടിതന്നെ പ്രവർത്തനക്ഷമമാക്കാം.

LIBRARY ARCHIVES Kerala Legislative Assembly